## പട്ടികജാതി വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ

281(982) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി, പിന്നാക്ക ജനവിഭാഗങ്ങൾക്ക് ചെയ്ത സേവനങ്ങളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വിഭാഗങ്ങൾക്ക് നൽകിവരുന്ന വ്യക്തിഗത ആനുകൂല്യങ്ങളിൽ വരുത്തിയ വർദ്ധനവ് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ഉൾപ്പെടെ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

## പട്ടികജാതി -പിന്നോക്ക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

282(983) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി-പിന്നോക്ക വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതൊക്കെയെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly